DESPATCHED
On. 1/2/02/ 2020
31/1/20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561613, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**CP.214(5)/19/SIC File No. 5159/SIC-G7/19**

| | |
|---|---|
| ശ്രീ. എം. എൻ. ജയറാം,<br>പിഷാരികോവിൽ വാര്യം,<br>എരൂർ, തൃപ്പൂണിത്തുറ,<br>എറണാകുളം – 682 306ഭ | പരാതിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ദേവസ്വം ഓഫീസർ,<br>തൃപ്പൂണിത്തുറ ദേവസ്വം കൊച്ചിൻ ദേവസ്വം ബോർഡ്,<br>തൃപ്പൂണിത്തുറ – 682 301. | എതിർകക്ഷി |

## അന്തിമ ഉത്തരവ്

1. പരാതിക്കാരനായ ശ്രീ. എം. എൻ. ജയറാം കമ്മീഷൻ മുമ്പാകെ 25.03.2019 തീയതി സമർപ്പിച്ച പരാതി CP No. 214(5)/2019/SIC ആയി ഫയലിൽ സ്വീകരിച്ച് 2019 ആഗസ്റ്റ് മാസം 27–ാം തീയതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. മേപ്പടി ഉത്തരവിൽ, പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണമായും ലഭ്യമായിട്ടില്ല എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത വിവരങ്ങൾ സൗജന്യമായി പരാതിക്കാരന് ലഭ്യമാക്കാൻ എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

2. കമ്മീഷൻ നിർദ്ദേശ പ്രകാരവും ആവശ്യപ്പെട്ട വിവരം ലഭ്യമായിട്ടില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് കമ്മീഷനെ സമീപിക്കുകയുണ്ടായി. കമ്മീഷൻ ഉത്തരവിനെ തുടർന്ന് എസ്.പി.ഐ.ഒ 19.12.2019 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 8 ചോദ്യങ്ങളിൽ ഒന്നും രണ്ടും ചോദ്യത്തിനുള്ള മറുപടിയും 3 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് ക്ഷേത്ര ഉപദേശക സമിതിയിൽ നിന്ന് ലഭിച്ച മറുപടിയും കൂടി 19.01.2019 ന് ടിയാന് നൽകി എന്നും തുടർന്ന് കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിലും മേപ്പടി ചോദ്യങ്ങൾക്ക് 08.10.2019 നും മറുപടി നൽകി എന്നുമാണ്. കൂടാതെ പരാതിക്കാരന്റെ വിവരാവകാശ അപേക്ഷ പ്രകാരം ദേവസ്വം ഓഫീസിലും ക്ഷേത്ര സമിതിയുടെ പക്കലും ലഭ്യമായ എല്ലാ വിവരങ്ങളും ടിയാന് നൽകിയിട്ടുണ്ട് എന്നും അറിയിക്കുന്നു.

3. പരാതിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് വിവരം ലഭ്യമാക്കിയിട്ടുണ്ട് എന്ന് എതിർകക്ഷി വാദിക്കുന്നുണ്ടെങ്കിലും തൃപ്തികരമാംവിധം പരാതിക്കാരന് മറുപടി ലഭ്യമായിട്ടില്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. പൂർണവും തൃപ്തികരവു

മായ മറുപടി എതിർകക്ഷി നൽകിയിരുന്നു എങ്കിൽ പരാതിക്കാരൻ നിരന്തരം പരാതിയുമായി കമ്മീഷനെ സമീപിക്കുമായിരുന്നില്ല.

4. മേൽ സാഹചര്യത്തിൽ പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒരിക്കൽ കൂടി മറുപടി തയ്യാറാക്കി നൽകണമെന്ന നിർദ്ദേശം എസ്.പി.ഐ.ഒയ്ക്ക് നൽകാൻ കമ്മീഷൻ ആഗ്രഹിക്കുന്നില്ല. കൂടാതെ ഇതേ വിഷയവുമായി നിരവധി അപേക്ഷകൾ പരാതിക്കാരൻ സമർപ്പിച്ച് വരുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, ടിയാന്റെ പ്രശ്നത്തിന് പരിഹാരം എന്ന രീതിയിൽ ബഹു. കോടതിയെ സമീപിച്ച് പ്രശ്ന പരിഹാരത്തിന് ശ്രമിക്കേണ്ടതാണെന്ന് പരാതിക്കാരന് നിർദ്ദേശം നൽകുന്നു.

5. ഇപ്രകാരം ഈ പരാതിഹർജി ഇന്നേ ദിവസം ജനുവരി മാസം 31-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

ശ്രീലത. പി. ആർ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി. (ഫിനാൻസ്)

RIGHT TO INFORMATION